2. കംപ്യൂട്ടർ, പ്രിന്റിംഗ് ആന്റ് റിപ്രോഗ്രാഫി മേഖലയിൽ വരുന്ന ജോലികൾ സർക്കാർ വകുപ്പുകൾക്കും സ്വയംഭരണ സ്ഥാപനങ്ങൾക്കും വേണ്ടി വാണിജ്യാടിസ്ഥാനത്തിൽ ഏറ്റെടുത്തു നടത്തുക.

(ഡി) സെന്ററിന്റെ ആഭിമുഖ്യത്തിൽ താഴെപ്പറയുന്ന സർട്ടിഫിക്കറ്റ് കോഴ്സുകളും ഷോർട്ട് ടേം കോഴ്സുകളും നടത്തി വരുന്നു.

സർട്ടിഫിക്കറ്റ് കോഴ്സുകൾ (6 മാസം കാലദൈർഘ്യമുള്ളത്)

1. കംപ്യൂട്ടർ ആന്റ് ഡി.റ്റി.പി. കോഴ്സ്
2. ഓഫീസ് ഓട്ടോമേഷൻ ആന്റ് സെയിൽസ്മാൻഷിപ്പ്
3. ഓഫ്സെറ്റ് പ്രിന്റിംഗ്
4. ഇലക്ട്രോണിക് ടൈപ്പിംഗ്, വേഡ് പ്രോസ്സസ്സിംഗ് ആന്റ് ഡാറ്റാ എൻട്രി ഓപ്പറേഷൻ

ഹ്രസ്വകാല കോഴ്സുകൾ

1. എം.എസ്. ഓഫീസ്
2. അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ ഓഫീസ് ഓട്ടോമേഷൻ
3. കംപ്യൂട്ടർ പ്രോഗ്രാമിംഗ്
4. കംപ്യൂട്ടർ ഹാർഡ്വെയർ മെയിന്റനൻസ് കോഴ്സ്
5. മോഡേൺ റിപ്രോഗ്രാഫിക് എക്യുപ്മെന്റ് കോഴ്സ്
6. ഡാറ്റാ എൻട്രി ആന്റ് കൺസോൾ ഓപ്പറേഷൻ
7. ഡസ്ക് ടോപ്പ് പബ്ലിഷിംഗ്
8. ഇലക്ട്രോണിക് ടൈപ്പിംഗ്, ഫോട്ടോ കോപ്പിയർ ഫാക്സ്
9. ഇലക്ട്രോണിക് ടൈപ്പിംഗ്

(ഇ) സെന്ററിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് കൂടുതൽ സാങ്കേതിക സ്വഭാവമുള്ള കോഴ്സുകൾ ആരംഭിക്കുന്നതാണ്.

(എഫ്) പരിഗണിക്കുന്നതാണ്.

ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ

85 (2065) ശ്രീ. വി. ബാലറാം :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ പ്രവർത്തനം ആരംഭിച്ചത് എന്നാണ് ;

(ബി) ഈ സ്ഥാപനത്തിലെ ജീവനക്കാർക്ക് ഇ.പി.എഫ്. ഏർപ്പെടുത്തുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടോ ; എങ്കിൽ കാരണമെന്ത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അവിടെ ഇ.പി.എഫ്. ഏർപ്പെടുത്താതിരുന്നതിന്റെ പേരിൽ പ്രസ്തുത സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ച സംഭവം ഉണ്ടായിട്ടുണ്ടോ ; ഇതിന് ഉത്തരവാദികളായവരുടെ മേൽ എന്തു നടപടി കൈക്കൊണ്ടു ;

(ഡി) ഇവിടത്തെ ജീവനക്കാർക്ക് പി.എഫ്. ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) 26-4-1992-ലെ ജി.ഒ.(എം.എസ്.)73/92/എച്ച്.ഇ. പ്രകാരമാണ് സെന്റർ സ്ഥാപിതമായത്.

(ബി) സെന്ററിലെ ജീവനക്കാർക്ക് കോൺട്രിബ്യൂട്ടറി പ്രോവിഡന്റ് ഫണ്ട് ഏർപ്പെടുത്താനായി സർവ്വീസ് റൂളിലെ വ്യവസ്ഥയനുസരിച്ചുള്ള നിർദ്ദേശം ഗവൺമെന്റ് പരിശോധിച്ചു വരുമ്പോൾ ഇ.പി.എഫ് സ്കീം സെന്ററിൽ 18-5-1995 മുതൽ ഏർപ്പെടുത്തേണ്ടതാണെന്നുള്ള തീരുമാനം റീജിയണൽ പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ ഏകപക്ഷീയമായി എടുക്കുകയും അതനുസരിച്ച് ജി.പി.എഫ്-ന് പകരം ഇ.പി.എഫ്.സ്കീം നടപ്പാക്കാൻ ഗവേണിംഗ് ബോഡി 4-2-1999-ൽ അനുമതി നൽകുകയും ചെയ്തു. അതിനാൽ ഇ.പി.എഫ്. സ്കീം നടപ്പാക്കുന്ന കാര്യത്തിൽ ഭരണപരമായ കാരണങ്ങളാലുള്ള കാലതാമസം മാത്രമേ ഉണ്ടായിട്ടുള്ളൂ.

(സി) ഉണ്ടായിട്ടുണ്ട്. പൂർവ്വകാല പ്രാബല്യത്തോടെ ഇ.പി.എഫ്. സ്കീം നടപ്പാക്കുക വഴി ഉണ്ടായ 47 ലക്ഷത്തിൽപരം രൂപ കുടിശ്ശിക തുക സെന്ററിന്റെ ബാങ്ക് അക്കൗണ്ടുകളിൽ നിന്നും നേരിട്ട് പിടിക്കുന്നതിനുള്ള നടപടി പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ കൈക്കൊള്ളുകയും പ്രോവിഡന്റ് ഫണ്ട് കമ്മീഷണറുടെ നടപടി കേരള ഹൈക്കോടതി 16-1-2000-ൽ താല്ക്കാലികമായി സ്റ്റേ ചെയ്യുകയുമുണ്ടായി. അതിനാൽ ഈ കാര്യത്തിൽ ആരുടെയും പേരിൽ നടപടി എടുക്കേണ്ടതായി വന്നിട്ടില്ല.

(ഡി) സെന്ററിലെ സ്ഥിരം ജീവനക്കാർക്ക് ഇ.പി.എഫ്. ഏർപ്പെടുത്തുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ ആവശ്യപ്പെട്ടപ്രകാരമുള്ള എല്ലാ ഫോറങ്ങളും നോമിനേഷൻ ഫോറവും മറ്റും അയച്ചുകൊടുക്കുകയും 36,16,403 രൂപ ഇ.പി.എഫ്. കോൺട്രിബ്യൂഷൻ അഡ്വാൻസായി ഇ.പി.എഫ്.ലേക്ക് അടയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ ബാങ്ക് നേരിട്ടും 1,56,916.95 രൂപ ഇ.പി.എഫിലേക്ക് അടച്ചിട്ടുണ്ട്.

ഓഡിയോ വിഷ്വൽ റിപ്രോഗ്രാഫിക് സെന്ററിന്റെ പുതിയ കേന്ദ്രങ്ങൾ

86 (2056) ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. എഴുകോൺ നാരായണൻ :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly